STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.371/PR/SPMC/PHQ/2025 Date: 06.11.2025

## വിർച്വൽ അറസ്റ്റ് : മുതിർന്ന പൗരനിൽ നിന്ന് തട്ടിയെടുത്ത ഒരു കോടി ആറ് ലക്ഷം രൂപ തിരികെ പിടിച്ചു

എറണാകുളം സ്വദേശിയും മുതിർന്ന പൗരനുമായ ഡോക്ടറെ വിർച്വൽ അറസ്റ്റ് നടത്തി തട്ടിയെടുത്ത ഒരു കോടി 30 ലക്ഷം രൂപയിൽ ഒരു കോടി ആറ് ലക്ഷം രൂപ തിരിക പിടിച്ച് പൊലീസ് സൈബർ വിഭാഗം.

മൊബൈൽ നമ്പർ കുറ്റകൃത്യത്തിനായി ഉപയോഗി ച്ചിട്ടുണ്ടെന്നും സിബിഐ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ള വ്യാജേന തട്ടിപ്പുസംഘം ബന്ധപ്പെടുകയും തുടർന്ന് വീഡിയോ കോളിൽ വന്നു വിർച്വൽ അറസ്റ്റിലാണെന്ന് വിശ്വസിപ്പിച്ച് 48 മണിക്കൂറോളം അദ്ദേഹത്തെ തടഞ്ഞ് വെയ്ക്കുകയും ചെയ്തു.

തടഞ്ഞ് വെച്ച സമയത്ത് തന്നെ ഡോക്ടറെക്കൊണ്ട് അക്കൗണ്ടിൽ നിന്ന് പണം പിൻവലിച്ച് മറ്റൊരു അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി മാറ്റുകയും ചെയ്തു. തട്ടിപ്പിനിരയായെന്ന് മനസ്സിലാക്കിയ അദ്ദേഹം ഉടൻ 1930 ൽ പരാതിപ്പെട്ടു. തുടർന്ന് നടന്ന അന്വേഷണത്തിൽ നഷ്ടമായ തുകയിൽ ഒരു കോടി ആറ് ലക്ഷം രൂപ തിരികെ പിടിക്കാനായി.

മുതിർന്ന പൗരന്മാരെ കേന്ദ്രീകരിച്ചാണ് നിലവിൽ സംസ്ഥാനത്ത് ഏറ്റുവം കൂടുതൽ സൈബർ തട്ടിപ്പുകൾ വ്യാപകമായി നടക്കുന്നത്. വിർച്വൽ അറസ്റ്റ് എന്നത് നിയമപരമല്ല എന്ന വിവരം പൊതു സമൂഹം മനസ്സിലാക്കേണ്ടതാണ്.

ഇത്തരം ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ വിവരം 1930 എന്ന നമ്പറിലോ www.cybercrime.gov.in എന്ന വെബ്സൈറ്റിലോ പരാതിപ്പെടുക. ഗോൾഡൻ അവറിൽ തന്നെ പരാതിപ്പെട്ടാൽ മുഴുവൻ തുകയും തിരികെ ലഭിക്കാന് സാധ്യത വളരെ കൂടുതലാണ്.

************************************